ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

365 (1055) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2015 ഡിസംബർ 1 മുതൽ 2016 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2015 ഡിസംബർ 1-ന് കൊല്ലത്ത് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

(ബി) കേരളത്തിന്റെ സ്വന്തമായ വ്യാപാരോത്സവത്തിലൂടെ സംസ്ഥാനത്തിനെ ഒരു വ്യാപാര കേന്ദ്രമാക്കി മാറ്റാനും, ഒരു രണ്ടാം വ്യാപാരകാലയളവ് സൃഷ്ടിക്കാനും വേണ്ടിയാണ് ജി.കെ.എസ്.എഫ്. സംഘടിപ്പിച്ചുവരുന്നത്. ഓൺലൈൻ വ്യാപാര രംഗത്തെ ശക്തമായ ഇടപെടലിനെ അതിജീവിച്ച് സംസ്ഥാനത്തെ വ്യാപാരികൾക്ക് അവരുടെ സ്ഥാപനങ്ങളിലേയ്ക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും ഈ വ്യാപാരോത്സവം ലക്ഷ്യമിടുന്നു.

(സി) ഇതിനായി സർക്കാർ 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫെസ്റ്റിവലിന്റെ നിർവാഹക സമിതിയുടെ നിർദ്ദേശമനുസരിച്ച് വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു. എല്ലാ വ്യാപാരി സംഘടനകളുടെയും പിന്തുണ ഇത്തവണ ജി.കെ.എസ്.എഫ്.-ന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly